## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 503 — 30/06/2016-ൽ മറുപടിക്ക്

# ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് സമയബന്ധിതമായി ഭൂമി അനുവദിക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>,, ജോർജ് എം. തോമസ്<br>,, പി.ടി.എ. റഹീം<br>,, പി.വി. അൻവർ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട്, ഇടുക്കി ജില്ലകളിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ നിരന്തര സമരത്തിലേർപ്പെടേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ; | എ) | വയനാട് ജില്ലയിലെ മാനന്തവാടി, സുൽത്താൻബത്തേരി, വൈത്തിരി താലൂക്കകളിലും, ഇടുക്കി ജില്ലയിൽ പെരിഞ്ചാംകുട്ടിയിലും ഭൂമിയ്ക്കായി സമരങ്ങൾ നടന്നിട്ടുണ്ട്. ഭൂരഹിതരായ ആദിവാസികൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി വാങ്ങി നൽകണമെന്ന ആവശ്യം ഉന്നയിച്ചാണ് സമരം നടന്നിട്ടുള്ളത്. |
| ബി) | ഭൂരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് സമയബന്ധിതമായി ഭൂമി നൽകാനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | ബി) | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കിയ പദ്ധതിയും, ആശിക്കും ഭൂമി ആദിവാസികൾക്ക് സ്വന്തം എന്ന പദ്ധതിയും കൂടാതെ വയനാട്ടിൽ സിക്കിൾസെൽ അനീമിയ രോഗികൾക്ക് മുൻഗണന നൽകി ഒരേക്കർ ഭൂമി വാങ്ങി നൽകുന്ന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. |
| സി) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ കണക്ക് ലഭ്യമാണോ? | സി) | ലഭ്യമാണ്. നവംബർ 2015 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് അനുബന്ധ ഓഫീസുകൾ മുഖേന നടത്തിയ വിവര ശേഖരണ പ്രകാരം സംസ്ഥാനമൊട്ടാകെ 14,519 പട്ടികവർഗ്ഗ കുടുംബങ്ങൾ ഭൂരഹിതരുടെ പട്ടികയിലുണ്ട്. |

സെക്ഷൻ ഓഫീസർ